മാതൃഭൂമി
Newspaper Edition

# നീര ഉത്പാദനം: തൊഴിലാളികള്‍ ആശങ്കപ്പെടേണ്ടെന്ന് നാളികേരബോര്‍ഡ്

Posted on: 07 Jun 2013

കൊച്ചി: നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ചെത്ത് തൊഴിലാളിസംഘടനകളുടെ ആശങ്ക അടിസ്ഥാനരഹിതമാണെന്ന് നാളികേര വികസനബോര്‍ഡ്. ടാപ്പിങ് സാങ്കേതിക വിദ്യ സ്വായത്തമാക്കിയവരെയാണ് നീര ഉത്പാദനത്തിന് നിയോഗിക്കുക. ചെത്ത് തൊഴിലാളികളുള്‍പ്പെടെയുള്ളവരുടെ വേതനം കാലോചിതമായി പരിഷ്‌കരിക്കാനും മികച്ച ആസൂത്രണത്തിലൂടെ 10 ലക്ഷത്തോളം ഗ്രീന്‍കോളര്‍ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കാനും നീര ഉത്പാദനത്തിലൂടെ സാധിക്കുമെന്നും ബോര്‍ഡ് അവകാശപ്പെട്ടു.
എക്‌സൈസ് വകുപ്പിന്റെ കണക്ക് പ്രകാരം രജിസ്റ്റര്‍ചെയ്ത 29465 ചെത്ത് തൊഴിലാളികളാണ് കേരളത്തിലുള്ളത്. ലിറ്ററിന് അഞ്ച് രൂപ മുതല്‍ പരമാവധി 16 രൂപ വരെയാണ് ഇവരുടെ വേതനം. ഒരു തൊഴിലാളിക്ക് നിയമപ്രകാരം ചെത്താവുന്ന തെങ്ങുകളുടെ പരമാവധി എണ്ണം 15 ആണ്. അതുകൊണ്ടുതന്നെ ഈരംഗത്തേക്ക് തൊഴിലാളികള്‍ വരുന്നത് കുറയുന്നതായും ബോര്‍ഡ് പറയുന്നു.

പാലക്കാട് ജില്ലയിലാണ് ഇപ്പോള്‍ കൂടുതല്‍ തെങ്ങ് ചെത്തുന്നത്-522755 തെങ്ങുകള്‍ . കണക്കുപ്രകാരം ജില്ലയില്‍ ഉണ്ടാവേണ്ടത് 34850 തൊഴിലാളികളാണ്. പക്ഷേ, 5796 തൊഴിലാളികളാണ് രജിസ്റ്റര്‍ ചെയ്തിട്ടുള്ളത്. ബാക്കിയുള്ളത് രജിസ്‌ട്രേഷന്‍ ഇല്ലാത്ത താത്കാലിക തൊഴിലാളികള്. ഇവരെ നീര ടാപ്പിങ്ങിലേക്ക് ഉപയോഗപ്പെടുത്തിയാല്‍ ഈ മേഖലയില്‍ ഏറെ തൊഴിലവസരങ്ങളും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കാം.

കൊല്ലം, പത്തനംതിട്ട, വയനാട്, ഇടുക്കി ജില്ലകളില്‍ ഇപ്പോള്‍ നാമമാത്രമായേ കള്ള് ചെത്തുന്നുള്ളൂ. തിരുവനന്തപുരത്തും നീരയുത്പാദനത്തിന് മികച്ച സാധ്യതയുണ്ട്. നാളികേരോത്പാദനത്തില്‍ മുന്‍പന്തിയില്‍ നില്‍ക്കുന്ന കോഴിക്കോട്, മലപ്പുറം, കണ്ണൂര്, കാസര്‍കോട് എന്നിവിടങ്ങളിലും നീര ഉത്പാദനം തുടങ്ങിയാല്‍ നിരവധി കര്‍ഷകരും തൊഴിലാളികളും രംഗത്തേക്ക് വരും.

കള്ള് വ്യവസായം നേരിടുന്ന തകര്‍ച്ചയും തൊഴില്‍ നഷ്ടപ്പെടലും മാറ്റിയെടുക്കുകയാണ് നീര ഉത്പാദനത്തിലൂടെ ലക്ഷ്യമിടുന്നത്. അതിനെ പ്രോത്സാഹിപ്പിച്ച് സാഹചര്യമൊരുക്കുകയാണ് വേണ്ടതെന്നും ബോര്‍ഡ് പറയുന്നു.